# കേരള ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ

## അഡീഷണൽ ഡയറക്ടറുടെ (A & T) നടപടിക്രമങ്ങൾ

വിഷയം:- ആ.വ.ഡ – ആരോഗ്യ വകുപ്പിലെ 30.06.2019 വരെയുള്ള കാലയളവിലെ ലാബ് ടെക്നീഷ്യൻ ഗ്രേഡ് – 1 ജീവനക്കാരുടെ സീനിയോറിറ്റി പട്ടികയിൽ ശ്രീ. അനി. കെ. സി. യുടെ സീനിയോറിറ്റി പുനഃക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്-

പരാമർശം:-
1. ഉത്തരവ് നമ്പർ ഇ. എസ്5-2028/2019/ആ.വ.ഡ, തീയതി. 30.09.2021
2. ഉത്തരവ് നമ്പർ ഇ. എസ്5-29955/2011/ആ.വ.ഡ, തീയതി. 07.05.2012
3. ഉത്തരവ് നമ്പർ ഇ. എസ്5-61325/2016/ആ.വ.ഡ, തീയതി. 19.01.2017
4. 19.05.2022 തീയതിയിലെ ഇതേ നമ്പർ നോട്ടീസ്

## ഉത്തരവ് നം. ഇ.എസ്5/2028/2019/ആ.വ.ഡ/തീയതി :16 /06/2022

ആരോഗ്യ വകുപ്പിൽ 30.06.2019 വരെയുള്ള കാലയളവിലെ ലാബ് ടെക്നീഷ്യൻ ഗ്രേഡ് – 1 ജീവനക്കാരുടെ സീനിയോറിറ്റി പട്ടിക മേൽ പരാമർശം 1 പ്രകാരം പ്രസിദ്ധീകരിച്ചിരുന്നു. എന്നാൽ തിരുവനന്തപുരം ജില്ലയിൽ നെടുമങ്ങാട് ജില്ലാ ആശുപത്രിയിൽ ലാബ് ടെക്നീഷ്യൻ ഗ്രേഡ് 1 തസ്തികയിൽ ജോലി ചെയ്യുന്ന ശ്രീ. അനി. കെ. സി. യുടെ 01.01.1997 മുതൽ 31.12.2010 വരെയുള്ള ലാബ് ടെക്നീഷ്യൻ ഗ്രേഡ് – 2 സീനിയോറിറ്റി പട്ടികയിലെ റാങ്ക് നമ്പർ 273 A ആണ് എന്ന് മേൽ പരാമർശം (3) പ്രകാരം ഉത്തരവായിട്ടുള്ളതാണ്. എന്നാൽ ടിയാളുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ ലാബ് ടെക്നീഷ്യൻ ഗ്രേഡ് – 2 ലെ റാങ്ക് 268 A അടിസ്ഥാനമാക്കിയാണ് ലാബ് ടെക്നീഷ്യൻ ഗ്രേഡ് – 1 സീനിയോറിറ്റി അനുവദിച്ച് നൽകിയിട്ടുള്ളത്. ആയതിനാൽ ലാബ് ടെക്നീഷ്യൻ ഗ്രേഡ് – 2 റാങ്ക് 273 A എന്നതിനനുസരിച്ച് ലാബ് ടെക്നീഷ്യൻ ഗ്രേഡ് – 1 സീനിയോറിറ്റി പട്ടികയിലെ റാങ്ക് പുനഃക്രമീകരിച്ച് നൽകേണ്ടതുണ്ട്.

ആരോഗ്യവകുപ്പിലെ 30.06.2019 വരെയുള്ള ലാബ് ടെക്നീഷ്യൻ ഗ്രേഡ് -1 സീനിയോറിറ്റി പട്ടികയിൽ ശ്രീ. അനി. കെ. സി, റാങ്ക് നമ്പർ 201 ആയി ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ അനി. കെ. സി. യുടെ ലാബ് ടെക്നീഷ്യൻ ഗ്രേഡ് -2 റാങ്ക് 273A അടിസ്ഥാനമാക്കി ലാബ് ടെക്നീഷ്യൻ ഗ്രേഡ് -1 പട്ടികയിൽ ശ്രീ.അനി. കെ. സി. ക്ക് 207 A എന്ന സ്ഥാനത്തിനാണ് അർഹതയുള്ളത്. ആയതിനാൽ 30.06.2019 വരെയുള്ള ലാബ് ടെക്നീഷ്യൻ ഗ്രേഡ് – 1 പട്ടികയിൽ ശ്രീ.അനി. കെ. സി. ക്ക് നൽകിയിരുന്ന റാങ്ക് നമ്പർ 201 എന്ന സ്ഥാനം റദ്ദ് ചെയ്ത് 207 A എന്ന സ്ഥാനം താൽക്കാലികമായി അനുവദിച്ച നൽകാൻ തീരുമാനിച്ച് മേൽ പരാമർശം (4) പ്രകാരം നോട്ടീസ് നൽകിയിരുന്നു.

മേൽ സൂചിപ്പിച്ച പ്രകാരം ശ്രീ. അനി. കെ. സി. ക്ക് സീനിയോറിറ്റി നിശ്ചയിച്ച് നൽകുന്നതിൽ ആർക്കെങ്കിലും ആക്ഷേപമോ, പരാതിയോ ഉണ്ടെങ്കിൽ സമർപ്പിക്കാൻ മതിയായ സമയം നൽകിയിരുന്നെങ്കിലും ഈ നോട്ടീസിന്മേൽ യാതൊരു ആക്ഷേപവും ലഭിച്ചിട്ടില്ല.

ആയതിന്റെ അടിസ്ഥാനത്തിൽ ശ്രീ. അനി. കെ. സി. ക്ക് മേൽ പരാമർശം (1) പ്രകാരമുള്ള, ലാബ് ടെക്നീഷ്യൻ ഗ്രേഡ് – 1 പട്ടികയിൽ 207(A) എന്ന സ്ഥാനം അനുവദിച്ച നൽകി ഇതിനാൽ ഉത്തരവാകുന്നു.

പരാമർശം (1) ഉത്തരവ് മേൽ ഭേദഗതികളോടെ നിലനിൽക്കുന്നതാണ്.

വിശദമായ പട്ടിക അനുബന്ധമായി ചേർക്കുന്നു

| Sl. No. | Name & PEN No | Date of Birth | Qualification | Existing Rank No in the seniority list Lab Tech. Gr. I as on 30.06.2019 | New Rank No in the seniority list Lab Tech. Gr. I as on 30.06.2019 | Remarks |
|---|---|---|---|---|---|---|
| 1 | ANI. K. C, 186804 | 12.02.1974 | PDC, MLT | 201 | 207 A | Lab Technician Gr. II Seniority No. 273 A |

ഒപ്പ്/-

ഡോ. റീന. കെ. ജെ

ആരോഗ്യവകുപ്പ് അഡീഷണൽ ഡയറക്ടർ (A&T)

സ്വീകർത്താവ്

1. എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും(ആരോഗ്യവകുപ്പ് വെബ് സൈറ്റ് മുഖേന)
2. ശ്രീ. അനി. കെ. സി, ലാബ് ടെക്നീഷ്യൻ, ജില്ലാ ആശുപത്രി, നെടുമങ്ങാട്
3. ഫയൽ/കരുതൽ ഫയൽ

//ഉത്തരവിൻപ്രകാരം//

സീനിയർ സൂപ്രണ്ട്